**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2157** **30-07-2021 - ൽ മറുപടിയ്ക്ക്**

**വന വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ വനമേഖലയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (എ) | പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വനനിയമം സെക്ഷൻ 19 പ്രകാരം റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. കൂടാതെ, ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 135.3356, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 217.06161 ഹെക്ടർ) വനനിയമം സെക്ഷൻ 4 പ്രകാരം 'പ്രൊപ്പോസ്ഡ്' റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തോട് ചേർന്ന് കിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. KIIFB യുടെ കീഴിൽ വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ